പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5783 05/07/2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>'' ഡൊമിനിക് പ്രസന്റേഷൻ<br>'' ഐ. സി. ബാലകൃഷ്ണൻ<br>'' ഷാഫി പറമ്പിൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ സംഘടനാ രജിസ്ട്രേഷനും, പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും വെബ്സൈറ്റിലൂടെയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) സംഘടനാ രജിസ്ട്രേഷനും, പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും വേണ്ടിയുള്ള വെബ്സൈറ്റ് രജിസ്ട്രേഷൻ വകുപ്പിൽ പ്രവർത്തനക്ഷമമാണ്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. |
| സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റിലൂടെ ലഭിക്കുന്നത്; | സി) ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും, ഫേം രജിസ്ട്രേഷനുകളുടെ പുരോഗതി മനസ്സിലാക്കുന്നതിനും വെബ്സൈറ്റിലൂടെ സാധിക്കുന്നു. കൂടാതെ, ഇ-പേയ്മെന്റ് സംവിധാനം, ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തുടങ്ങിയവയും വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) ഇതു സംബന്ധിച്ച സോഫ്റ്റ്വെയർ പരിഷ്ക്കരിക്കുന്നതിനായി സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ.